# GHSS CHORODE

# ACADEMIC MASTER PLAN

# 2025-26

# വിദ്യാലയ ചരിത്രം

കോഴിക്കോട് ജില്ലയിൽ ചോറോട് പഞ്ചായത്തിൽ എട്ടാം വാർഡിലാണ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ചോറോട് സ്ഥിതിചെയ്യുന്നത്. 1960 സെപ്റ്റംബർ 20 ന് പി കൃഷ്ണക്കുറുപ്പ് പ്രസിഡണ്ടായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനത്തോടെയാണ് ഇതിന്റെ ആരംഭം. 1974 ജൂലൈ 19 ന് ഹൈസ്കൂളിന് അംഗീകാരം ലഭിച്ചു. അതേ വർഷം സെപ്റ്റംബർ മൂന്നിനാണ് സ്കൂൾ ആരംഭിച്ചത്. ആവശ്യമായ സ്ഥലം നൽകിയത് കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട് കൂടിയായിരുന്ന മഠത്തിൽ വി കെ അഹമ്മദ് ഹാജിയാണ് കുരിക്കിലാട് യുപി സ്കൂളിന്റെ അന്നത്തെ മാനേജർ താഴെ പുതിയോട്ടിൽ രൈരുക്കുറുപ്പ്  മാസ്റ്റർ വാടകയില്ലാതെ വിട്ടുതന്ന ഷെഡിലാണ്  ആദ്യമായി ക്ലാസുകൾ നടന്നത്. പെൺകുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയിരുന്ന സ്കൂളിൽ 27 പേരായിരുന്നു ആദ്യ പഠിതാക്കൾ. അന്നത്തെ ഡിപിഐ ആർ രാമചന്ദ്രൻ നായർ 1974 സെപ്റ്റംബർ 16 ന് സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് വി പി ഗോപാലൻ മാസ്റ്റർ, കേളുക്കുറുപ്പ് , കപ്പച്ചേരി ബാലകൃഷ്ണക്കുറുപ്പ് കെ കെ കണ്ണൻ മാസ്റ്റർ പുള്ളോപുതുക്കുടി ചാത്തു ഗുമസ്തൻ,കപ്പച്ചേരി ബാലകൃഷ്ണക്കുറുപ്പ്, കെ കെ കണ്ണൻ മാസ്റ്റർ ,പുള്ളോട്ട് നാരായണൻ നമ്പ്യാർ ,തച്ചർകണ്ടി കുഞ്ഞിരാമക്കുറുപ്പ്, വി പി കുഞ്ഞികൃഷ്ണക്കുറുപ്പ് ,ടി ബാലകൃഷ്ണൻ പരന്തിലാട്ട് രാമക്കുറുപ്പ് ,എം എസ് കരുണാകരൻ മാസ്റ്റർ മുതലായവരാണ്   . ഹൈസ്കൂൾ ഇന്നത്തെ ഇരുനില കെട്ടിടത്തിലേക്ക് മാറിയത് 1983 സെപ്റ്റംബർ 3 നാണ്. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് ആണ് കെട്ടിടോദ്ഘാടനം നടത്തിയത്. സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം

ആരംഭിച്ചത് 2000 -2001 അധ്യായന വർഷത്തിലാണ്. കോമേഴ്സ് ബാച്ച് ആയിരുന്നു ആദ്യം തുടങ്ങിയത് .2006- 2007 അധ്യയന വർഷത്തോടെ

സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ ബാച്ചുകളും ആരംഭിച്ചു. 2012- 13 അധ്യായന വർഷം മുതൽ കുന്നിയൂർ ശങ്കരൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് സ്കൂളിൽ നൽകിവരുന്ന സഹായങ്ങൾ വളരെ വലുതാണ്. പത്താം തരം ഉൾപ്പെടെ 5 ക്ലാസ് റൂമുകളും പ്ലസ് ടു ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ്സുകൾ ആക്കി ഉയർത്തിയത് ട്രസ്റ്റിന്റെ സഹായത്തോടെയാണ് .കുരുക്കിലാട് , വൈക്കിലശ്ശേരി, മാങ്ങാട്ടുപാറ ,ചോറോട് കുറിഞ്ഞാലിയോട്, കാർത്തികപ്പള്ളി കുട്ടങ്ങാരം മുതലായ സ്ഥലങ്ങളിൽ നിന്നാണ് ഹൈസ്കൂളിലേക്ക് കൂടുതൽ വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്. ഹയർസെക്കൻഡറി വിഭാഗത്തിൽ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ എത്തിച്ചേരുന്നു. വൈക്കിലശ്ശേരി യു പി, കാർത്തികപ്പള്ളി നമ്പർവൺ യുപി ഓർക്കാട്ടേരി മാപ്പിള യു പി, എസ് ജി എം എസ് ബി എന്നീ വിദ്യാലയ ങ്ങളിലെ കുട്ടികളാണ് പ്രധാനമായും ഉപരിപഠനത്തിനായി ഈ വിദ്യാലയത്തെ ആശ്രയിക്കുന്നത്. 8,9,10 ക്ലാസുകളിലായി 272 വിദ്യാർത്ഥികൾ ഹയർസെക്കൻഡറി ഇപ്പോൾ പഠിക്കുന്നു.

# മലയാളം

സമഗ്ര വ്യക്തിവിത്വ വികാസത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിൽ സുപ്രധാന പങ്ക് വായനയ്ക്കുണ്ട് .കുട്ടികളെ വായനയുടെ ലോകത്തിലേക്ക് എത്തിക്കുവാനും സർഗാത്മക ശേഷി വികസിപ്പിക്കുന്നതിനും സഹായിക്കുന്ന നിരന്തരപ്രവർത്തനങ്ങളാണ് 2025-26 അധ്യയന വർഷത്തിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത് .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• കുട്ടികളിൽ വായനാ സംസ്കാരം വളർത്തുക<br>• കുട്ടികളിൽ രചനാപരമായ ശേഷി വളർത്തുക<br>• ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനു | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>പ്രീ ടെസ്റ്റ്<br>അക്ഷരങ്ങൾ ,ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>ഉച്ചവായന<br>സ്കൂൾ ഗ്രന്ഥാലയ അംഗത്വം | ഭാഷാധ്യാപകർ<br>വിദ്യാരംഗം<br>കലാസാഹിത്യവേദി<br>റീഡേഴ്സ് ക്ലബ്<br>ഭാഷാധ്യാപകർ | ജൂൺ മുതൽ |

| | | | |
|---|---|---|---|
| ള്ള ശേഷി<br><br>വളർത്തുക | വായനോത്സവം<br><br>എന്റെ വായനാകാശം<br><br>ശിൽപ്പശാല ,തിരക്കഥ<br><br>ശില്പശാല<br><br>സംഘടിപ്പിക്കൽ<br><br>സർഗ്ഗസൃഷ്ടി സമാരംഭം<br><br>പുസ്തക നിർമ്മാണം<br><br>തിരക്കഥ നിർമാണം<br><br>വിവിധ വിഷയങ്ങൾ<br><br>നൽകി ഉപന്യാസം<br><br>പ്രസംഗം തയ്യാറാക്കൽ<br><br>സെമിനാർ അവതരണം<br><br>പ്രസംഗവേദി<br><br>സജ്ജമാക്കൽ | | |

# ഗണിതം

**VIII**

നിലനിർണയ പരീക്ഷ, പരിഹാര ബോധനം ,അടിസ്ഥാന ക്രിയകൾ ഓർമ്മിപ്പിക്കൽ വർഗ്ഗങ്ങൾ, തുല്യത്രികോണങ്ങൾ ,ക്ലാസ് ടെസ്റ്റ് ,പരിഹാരബോധനം, തുല്യത്രികോണങ്ങൾ യൂണിറ്റ് ടെസ്റ്റ് ,വർഗ്ഗസമവാക്യങ്ങൾ ,ബഹുപദങ്ങൾ ,ക്ലാസ് ടെസ്റ്റ് പരിഹാരബോധനം .

**IX**

ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ് ദശാംശരൂപങ്ങൾ ,പുതിയ സംഖ്യകൾ ,ക്ലാസ് ടെസ്റ്റ് പരിഹാരബോധനം.പുതിയ സംഖ്യകൾ ,ബ്രിഡ്ജ് ,ത്രികോണ പരപ്പ് സമാന്തരവരകൾ

**X**

ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) സമാന്തരശ്രേണികൾ വൃത്തങ്ങളും കോണുകളും ക്ലാസ് ടെസ്റ്റ് പരിഹാരബോധനം വൃത്തങ്ങളും കോണുകളും സമാന്തര ശ്രീനിയും ബീജഗണിതവും സാധ്യതകളുടെ ഗണിതം ക്ലാസ് ടെസ്റ്റ് ,പരിഹാരബോധനം

മറ്റ് പ്രവർത്തനങ്ങൾ

ക്ലബ്ബ് ഉദ്ഘാടനം പ്രോബ്ലം ഓഫ് ദി വീക്ക് തുടക്കം ,മാക്സ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ ,ജൂൺ 19 പാസ്ക്കൽ ജന്മദിനാചരണം ,മാത്സ് ക്ലിനിക് ,ഗണിതമേലയുമായി ബന്ധപ്പെട്ട വർക്ക്ഷോപ് ,ജൂലൈ 24 പൈതഗോറിയൻ Theorem Day celebration വീക്കിലി മാത്സ് ജേണൽ ,മാത്സ് ടാലെന്റ് ടെസ്റ്റ് ,മാത്സ് ക്ലിനിക്

## ENGLISH

| OBJECTIVES | ACTIVITIES | TIME | DUTIES | FINANCE |
|---|---|---|---|---|
| 1.Speak English with confidence | Spoken English class,English library,English story | Saturday | PTA,Teachers | PTA |

| | | | | |
|---|---|---|---|---|
| | time,English cartoon exhibition,English Assembly | | | |
| 2.Opportunity for Creativity | Exhibition of part of English movies,Documentary Exhibition,Role play,Choreography based on the poems | Class room activity Academic Year | Teachers<br>Teachers | English club |
| 3.Equip the Children to read and write | Spellings card,word card,Sentence card | With class room activity | Teachers | |
| 4.Dramatisation | Skit,Puppet show based on the lesson | | English club | Parents |
| 5.Recitation and Versification | Opportunity for listening,Competitions,Appreciations,Magazine | Saturdays, Classroom | Teachers | PTA |
| 6.Technologies for the | English fest,opportunity to | saturdays | PTA&Teachers | PTA |

| | | | | |
|---|---|---|---|---|
| development of the language | watch English movies ,Interview with famous writers(video) | once in an year | | |
| 7.Discussions | Discussions with Native speakers (If available)Video conference with great writers | Vacation once in an year<br><br>twice in an year | Teachers&PTA | PTA |

## ഹിന്ദി

- പൊതുവായ ലക്ഷ്യങ്ങൾ: സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കും ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

VIII

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br>ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾഎന്നിവ പരിചയപ്പെടുത്തുന്നു. ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.കാർട്ടൂൺ ,ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു<br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു .<br>കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു .<br>ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു . | ജൂൺ-ജൂലൈ<br><br>ഓഗസ്റ്റ്-സെപ്റ്റംബർ<br><br>ഡിസംബർ-ജനുവരി |

IX

| ലക്ഷ്യങ്ങൾ | കാലം |
|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു . | ജൂൺ ,ജൂലൈ |
| നാമം ,സർവ്വനാമം ,വിശേഷണം ,എന്നിവ മനസിലാക്കുന്നു .വാക്യഘടന പരിചയപ്പെടുത്തുന്നു .ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു . | |
| പോസ്റ്റർ തയ്യാറാക്കാനറിയുന്നു . | |
| കവിത വായിച്ചു ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനറിയുന്നു | ഓഗസ്റ്റ് ,സെപ്റ്റംബർ |
| | ഡിസംബർ ,ജനുവരി |

X

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു . | നാടകം വേദിയിൽ അവതരിപ്പിക്കുന്നു .സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ജൂൺ ,ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദിവാരാഘോഷ സമയത്തു ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുക . | പദ്യം ചൊല്ലൽ ,കഥ ,കവിത ,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു . | ഓഗസ്റ്റ് ,സെപ്റ്റംബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു ,കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു ,ഡയറി എഴുതുവാനറിയുന്നു . | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു .കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാനും ഡയറി എഴുതാനുമുള്ള നിർദേശം നൽകുന്നു . | ഡിസംബർ ,ജനുവരി |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1.അദ്ഭുത കണ്ണിലൂടെ കൗതുകം ,ജിജ്ഞാസ ,നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 2.ശാസ്ത്രലോകത്തേക്ക് :നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു . | .മോഡലുകൾ നിർമ്മിക്കാനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി ടി എ സയൻസ് ക്ലബ് |
| 3.ഹൈടെക് വേൾഡ് :മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം | ക്ലാസ്സുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്തു മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്<br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| വളർത്തുക<br><br>4.ആയുർരേഖ :പ രിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | അവതരിപ്പിക്കുന്നു .<br><br>ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ചു മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു .<br><br>വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു .<br><br>ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു .<br><br>ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി ,ശാസ് ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നു<br>കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു . | അക്കാദമിക വർഷം | | |
| 5.വൈജ്ഞാനിക ബഹിർസ്ഫുരണം :അന്വേഷണ തൃഷണ വർധിപ്പിക്കൽ ,നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ ,ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടം ,പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കൽ<br>സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു . | അക്കാദമിക വർഷം | സയൻസ് ക്ലബ് | കൃഷി വകുപ്പ് ഹരിതസേന , സീഡ്<br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് ,സെമിനാർ ,പ്രൊജക്റ്റ് മുതലാവയിൽ പങ്കെടുക്കുന്നു . ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | | |

സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക ജനാധിപത്യം ഒരു ജീവിതശൈലിയാ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു സ്കൂൾ പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| ക്കി മാറ്റി എടുക്കുക<br>പൗരബോധം<br>മൂല്യബോധം ഇവ<br>വളർത്തുക<br>സാമൂഹ്യശാസ്ത്ര<br>ത്തിൽ പരീക്ഷണ<br>നിരീക്ഷണം<br>വളർത്തുക<br>മതേതരത്വം<br>സഹിഷ്ണുത<br>എന്നിവ വളർത്തി<br>ക്രിയാത്മക<br>പ്രവർത്തനത്തിലൂ<br>ടെ വളരുക.<br>സാമൂഹ്യ<br>പരിഷ്കർത്താക്ക<br>ളെ പരിചയപ്പെടുക<br>ഭൂപട വായന<br>കുട്ടികളിൽ<br>വളർത്തുക സ്ഥലം<br>നിർണയം<br>നടത്തുവാൻ<br>പഠിക്കുക എന്ന | ഇവയ്ക്കുള്ള<br>പ്രവർത്തനങ്ങൾ<br>നടത്തുന്നു<br>സർവ്വേകൾ<br>പ്രോജക്ക് സംവാദം<br>എന്നിവയിലൂടെ<br>കുട്ടികളെ<br>വളർത്തുന്ന<br>പ്രവർത്തനങ്ങൾ<br>നടത്തുന്നു<br>ഭൂമിശാസ്ത്രപരമായ<br>കാര്യങ്ങൾ കുട്ടികളെ<br>പഠിക്കാൻ<br>സഹായിക്കുന്നു<br>ഭൂപട വായന<br>പ്രോത്സാഹിപ്പിക്കുന്ന<br>കൂടുതൽ<br>പ്രവർത്തനങ്ങൾ<br>കാഴ്ചവെക്കുന്നു<br>അറ്റ്ലസ് മാപ്പുകൾ<br>ഗ്ലോബ് എന്നിവ<br>പരിചിതമാക്കുന്നു<br>സാമൂഹ്യശാസ്ത്രവു | അക്കാദമി<br>ക വർഷം<br><br>അക്കാദമി<br>ക വർഷം<br><br>അക്കാദമി<br>ക വർഷം | | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം<br>കൈവരിക്കുക<br>കുട്ടികളിൽ ഉന്നത<br>നിലവാരം<br>കൈവരിക്കാൻ<br>ഉതകുന്ന പൊതു<br>വിജ്ഞാനം<br>വളർത്തുക<br>വ്യത്യസ്ത ഇനം<br>മണ്ണിനെ കുറിച്ചും<br>ജലാശയങ്ങളെക്കു<br>റിച്ചും കാറ്റുകൾ<br>സമുദ്രങ്ങൾ<br>പർവ്വതങ്ങൾ<br>ഇവയെല്ലാം<br>പരിചയപ്പെടുക<br>എന്ന ലക്ഷ്യം | മായി ബന്ധപ്പെട്ട<br>പൊതുവിജ്ഞാന<br>മേഖല<br>പരിപോഷിപ്പിക്കുന്ന<br>ക്വിസ്സുകൾ<br>ദിനാചരണങ്ങൾ<br>തുടങ്ങിയവയെ<br>കുറിച്ച് വ്യക്തമായ<br>ധാരണ നൽകുന്നു<br>വീഡിയോ പ്രദർശനം<br>ചരിത്ര സിനിമകൾ | അക്കാദമി<br>ക വർഷം<br><br>അക്കാദമി<br>ക വർഷം | | |

## PHYSICAL AND HEALTH EDUCATION

FIRST QUARTER(June,July,August)

1.FITNESS TESTING

Conduct fitness tests to assess students current fitness levels

2.Team sports introduction

introduce team sports like Football,Volleyball,Cricket. Athletics

3.Fitness Activities

Incorporate health education topics like running jumping and body weight exercises and Zumba dance.

Second Quarter (September to November)

1.individual sports

Focus on Individual sports like Badminton,Volleyball and Athletics

2.Fitness Challenges

Design Fitness challenges to promote physical avtivity and team work

3.Health education

Incorporate health education and stress management

4.Sports Tournament

Organize sports tournament and competitions

Third quarter(December to March)

1.Team Sports Developments

Develop team sports skills and strategies

2.Fitness Training

Incorporate strength training and cardiovascular exercise

3.Leadership Developments

Encourage student leadership and teamwork

4.Fitness Assessments

Conduct final fitness Assessments to evaluate progress goals and objectives

1.Improve students overall physical fitness and well being

2.Develop sports skills

Develop students sports skills and strategies

3.Promote Team work and leaderships

Promote teamwork leadership and sportsmanship

Assessment and Evaluation

1.Fitness Tests-Conduct regular fitness tests to assess progress

2.Sports skills assessments

3.participation and engagement-Evaluate student participation and engagement in physical education activities.